**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 11** **16-09-2025 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ- ആറാം മൈൽ മുതൽ എളംബ്ലാശ്ശേരി വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 05.01.2021-ൽ ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, കോതമംഗലം മണ്ഡലത്തിലെ ആറാം മൈൽ - എളംബ്ലാശ്ശേരി വഴി ഇടുക്കി ജില്ലയിലെ കുറത്തിക്കുടി - പെരുമ്പൻകുത്ത് ഭാഗത്തുകൂടി കടന്നുപോകുന്ന മലയോര ഹൈവേയുടെ അലൈൻമെന്റ് മാറ്റം വരുത്താൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെ അടിമാലി വഴിയുള്ള ദേശീയ പാത 85 ഹിൽ ഹൈവേ അലൈൻമെന്റായി ഉപയോഗിക്കുവാനും ആറാം മൈൽ മുതൽ എളംബ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം ചെയ്യുന്നതിനും എളംബ്ലാശ്ശേരി മുതൽ കുറത്തിക്കുടി വരെയുള്ള ഭാഗം 5.5 മീറ്റർ വീതിയിൽ പേവർ ബ്ലോക്ക് ഉപയോഗിച്ച് മെച്ചപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ്, കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥർ ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം എളംബ്ലാശ്ശേരി മുതൽ കുറത്തിക്കുടി വരെയുള്ള ഭാഗം പൂർണ്ണമായി മലയാറ്റൂർ റിസർവ്വ് വനത്തിലുൾപ്പെടുന്നതും ആനമലഎലഫന്റ് റിസർവ്വിൽപെട്ട ആനത്താരയിലൂടെ കടന്നു പോകുന്നതുമാണ്. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര വനം സംരക്ഷണ നിയമപ്രകാരമുള്ള അനുമതി ആവശ്യമുണ്ട്. ഇതിന് വിശദമായ സർവ്വേ നടത്തി പ്രൊഫൈൽ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. ആനകൾ, മറ്റ് വന്യജീവികൾ എന്നിവ അധിവസിക്കുന്ന ഈ മേഖലയിൽ അവയുടെ സ്വൈര്യ വിഹാരത്തിന് തടസ്സമുണ്ടാകുമോ ജനസഞ്ചാരം ആവാസ വ്യവസ്ഥയെ ബാധിക്കുമോ എന്നും പഠനം നടത്തേണ്ടതുണ്ട്. ഇപ്രകാരമുള്ള പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. ഇതിനായി ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെ നിലവിലുള്ള ദേശീയ പാത, മലയോര ഹൈവേയായി | (ബി) | ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെ അടിമാലി വഴിയുള്ള ദേശീയ പാത 85 ഹിൽ ഹൈവേ |

| | | | |
|---|---|---|---|
| | ഉപയോഗിക്കുന്നതിനും ആറാം മൈൽ മുതൽ എളംബ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം നടത്തുവാനും അനുമതി ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | | അലൈൻമെന്റായി ഉപയോഗിക്കുവാനും ആറാം മൈൽ മുതൽ എളംബ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം ചെയ്യുന്നതിനും എളംബ്ലാശ്ശേരി മുതൽ കുറത്തിക്കുടി വരെയുള്ള ഭാഗം 5.5 മീറ്റർ വീതിയിൽ പേവർ ബ്ലോക്ക് ഉപയോഗിച്ച് മെച്ചപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ്, കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥർ ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം എളംബ്ലാശ്ശേരി മുതൽ കുറത്തിക്കുടി വരെയുള്ള ഭാഗം പൂർണ്ണമായി മലയാറ്റൂർ റിസർവ്വ് വനത്തിലുൾപ്പെടുന്നതും ആനമലഎലഫന്റ് റിസർവ്വിൽപെട്ട ആനത്താരയിലൂടെ കടന്നു പോകുന്നതുമാണ്. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര വനം സംരക്ഷണ നിയമപ്രകാരമുള്ള അനുമതി ആവശ്യമുണ്ട്. ഇതിന് വിശദമായ സർവ്വേ നടത്തി പ്രൊഫൈൽ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. ആനകൾ, മറ്റ് വന്യജീവികൾ എന്നിവ അധിവസിക്കുന്ന ഈ മേഖലയിൽ അവയുടെ സ്വൈര്യ വിഹാരത്തിന് തടസ്സമുണ്ടാകുമോ ജനസഞ്ചാരം ആവാസ വ്യവസ്ഥയെ ബാധിക്കുമോ എന്നും പഠനം നടത്തേണ്ടതുണ്ട്. ഇപ്രകാരമുള്ള പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. ഇതിനായി ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) | എളംബ്ലാശ്ശേരി മുതൽ കുറത്തിക്കുടിവരെ 5.5 മീറ്റർ വീതിയിൽ പേവർ ബ്ലോക്ക് വച്ച് നിർമ്മാണം നടത്തുവാൻ എടുത്ത തീരുമാനം നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ? | (സി) | ആറാം മൈൽ മുതൽ ഇരുട്ടുകാനം വരെ അടിമാലി വഴിയുള്ള ദേശീയ പാത 85 ഹിൽ ഹൈവേ അലൈൻമെന്റായി ഉപയോഗിക്കുവാനും ആറാം മൈൽ മുതൽ എളംബ്ലാശ്ശേരി വരെയുള്ള ഭാഗം നിലവിലുള്ള വീതിയിൽ പുനരുദ്ധാരണം ചെയ്യുന്നതിനും എളംബ്ലാശ്ശേരി മുതൽ കുറത്തിക്കുടി വരെയുള്ള ഭാഗം 5.5 മീറ്റർ വീതിയിൽ പേവർ ബ്ലോക്ക് ഉപയോഗിച്ച് മെച്ചപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ്, കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥർ ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം എളംബ്ലാശ്ശേരി മുതൽ കുറത്തിക്കുടി വരെയുള്ള ഭാഗം പൂർണ്ണമായി മലയാറ്റൂർ റിസർവ്വ് വനത്തിലുൾപ്പെടുന്നതും ആനമലഎലഫന്റ് റിസർവ്വിൽപെട്ട ആനത്താരയിലൂടെ കടന്നു |

| | | | |
|---|---|---|---|
| | | | പോകുന്നതുമാണ്. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്ര വനം സംരക്ഷണ നിയമപ്രകാരമുള്ള അനുമതി ആവശ്യമുണ്ട്. ഇതിന് വിശദമായ സർവ്വേ നടത്തി പ്രൊഫൈൽ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. ആനകൾ, മറ്റ് വന്യജീവികൾ എന്നിവ അധിവസിക്കുന്ന ഈ മേഖലയിൽ അവയുടെ സ്വൈര്യ വിഹാരത്തിന് തടസ്സമുണ്ടാകുമോ ജനസഞ്ചാരം ആവാസ വ്യവസ്ഥയെ ബാധിക്കുമോ എന്നും പഠനം നടത്തേണ്ടതുണ്ട്. ഇപ്രകാരമുള്ള പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനായി ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ